## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 678.** **19.03.2013 - ൽ മറുപടിയ്ക്ക്**

### സിഡ്കോയും കൈവശഭൂമിയും

**ചോദ്യം**
**ശ്രീ. കെ.ദാസൻ**

**മറുപടി**
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
| --- | --- |
| (എ) വ്യവസായ വകുപ്പിന് കീഴിലുള്ള സിഡ്കോയുടെ കൈവശം കോഴിക്കോട് ജില്ലയിൽ എവിടെയെല്ലാം ഭൂമിയുണ്ട് എന്നത് വ്യക്തമാക്കമോ: ഭൂമി ഏത് നിയോജക മണ്ഡലങ്ങളിലാണ് എന്നും ഭൂമി എത്ര വിസ്തീർണം എന്നും വിശദമായി വ്യക്തമാക്കമോ ; | (എ) : സിഡ്കോയ്ക്ക് കോഴിക്കോട് ഒളവണ്ണയിലുള്ള ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിന്റെ കൈവശം 51 സെന്റ് ഭൂമിയും, പുതിയറയിലുള്ള ഗവ. വുഡ് വർക്ഷോപ്പിന്റെ കൈവശം 134 സെന്റ് ഭൂമിയും ഉണ്ട്. കോഴിക്കോട് II നിയോജക മണ്ഡലത്തിലാണ് ഗവ. വുഡ് വർക്ഷോപ്പ് സ്ഥിതി ചെയ്യുന്നത്. കുന്ദമംഗലം നിയോജക മണ്ഡലത്തിലാണ് ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ ( 30 വർഷത്തെ പാട്ടക്കരാർ വ്യവസ്ഥയിൽ) സ്ഥിതിചെയ്യുന്നത്. കോഴിക്കോട് ജില്ലയിൽ സിഡ്കോ വ്യവസായ എസ്റ്റേറ്റിന്റെ കീഴിൽ വെസ്റ്റ്ഹില്ലിൽ ഭൂമിയുണ്ട്. കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിലാണ് സിഡ്കോയുടെ കൈവശമുള്ള ഭൂമി നിലവിലുള്ളത് വെസ്റ്റ് ഹില്ലിൽ 12.44 ഏക്കർ ഭൂമി സിഡ്കോയുടെ കൈവശം ഉണ്ട്. വ്യവസായ പാർക്ക് ഡിവിഷന്റെ കീഴിൽ 3.74 ഏക്കർ ഭൂമി കൊയിലാണ്ടി മണ്ഡലത്തിൽ മൂടാടി പഞ്ചായത്തിലെ മുച്ചുകുന്ന് എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്നു. സിഡ്കോയുടെ മിനി വ്യവസായ എസ്റ്റേറ്റ് ഡിവിഷന്റെ കീഴിൽ കോഴിക്കോട് ജില്ലയിൽ പേരാമ്പ്ര, കടലുണ്ടി എന്നിവിടങ്ങളിൽ ഒരേക്കർ വീതം ഭൂമിയുണ്ട്. പേരാമ്പ്രാ, ബേപ്പൂർ |

എന്നീ നിയോജക മണ്ഡലങ്ങളിലാണ് ഇവ സ്ഥിതി ചെയ്യുന്നത്.

(ബി) കൊയിലാണ്ടി മണ്ഡലത്തിൽ മൂടാടി പഞ്ചായത്തിൽ സിഡ്കോയുടെ കൈവശമുള്ള ഭൂമിയുണ്ടോ എന്നത് വ്യക്തമാക്കാമോ ; ഈ ഭൂമിയിൽ ഏതെങ്കിലും വ്യവസായ പദ്ധതി ആരംഭിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ

(ബി) : ഉണ്ട് : ഭൂമി പ്ലോട്ടുകളായി തിരിച്ച് 12 ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് അനുവദിച്ചിട്ടുണ്ട്.

(സി) മൂടാടി വലിയമല കോളനി വികസന പദ്ധതി നിർവ്വഹണം സിഡ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്നത് വിശദമാക്കാമോ ; പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സിഡ്കോ ഇതുവരെ മുന്നോട്ട് കൊണ്ടുപോയിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് വിശദീകരിക്കാമോ ;

(സി) : മൂടാടി വലിയമല കോളനി വികസന പദ്ധതി നിർവ്വഹണം സിഡ്കോ ഗവ. വുഡ് വർക്ക്ഷോപ്പ് സെയിൽസ് സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി പട്ടിക ജാതി വികസന വകുപ്പിന് നൽകിയിട്ടുണ്ട്

(ഡി) ഏറ്റെടുത്തിട്ടുള്ള ചുമതല സമയബന്ധിതമായി മുന്നോട്ട് പോവുന്നില്ലെങ്കിൽ നിർവ്വഹണ ചുമതല മറ്റേതെങ്കിലും ഏജൻസിയെ ഏൽപ്പിക്കുന്നതിൽ നിയമ തടസ്സമുണ്ടോ ?

(ഡി) : പട്ടികജാതി വികസന വകുപ്പിൽ നിന്നും നിർദ്ദേശം കിട്ടുന്ന മുറയ്ക്ക് അതതു ജോലികൾ സമയബന്ധിതമായി നിർവ്വഹിക്കുന്നതാണ്.

Hari

സെക്ഷൻ ഓഫീസർ